ആരോഗ്യവകുപ്പുമന്ത്രി (ഡോക്ടർ എ. ആർ. മേനോൻ) :

(എ) ആശുപത്രികൾക്ക് ഗ്രാൻറ് നൽകുന്നതുപോലെ തെരുവാരായി നടത്തുന്ന ആയുർവ്വേദ വൈദ്യശാലകൾക്കും ഗ്രാൻറ് നൽകുന്നുണ്ട്.

(ബി) ഇല്ല.

പൂട്ടിയിടുവാൻ ഉദ്ദേശിക്കുന്ന മാനേജ്മെൻറ് സ്കൂളുകൾ.

* 1362 [13] ശ്രീ. ടി. എ. തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ ആക്ടിലെ ചില വകുപ്പുകളിൽ പ്രതിഷേധിച്ച് മാനേജ്മെൻറ് സ്കൂളുകൾ അടുത്ത സ്കൂൾവർഷാരംഭംമുതൽ പൂട്ടിയിടുവാൻ ഉദ്ദേശിക്കുന്നതായി കാണിച്ച് മാനേജ്മെൻറ് പ്രതിനിധികൾ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആരു് ; എന്നു് ;

(സി) ഗവണ്മെൻറ് ആ അറിയിപ്പിൻറെ അടിസ്ഥാനത്തിൽ എന്തു നടപടി നടത്തി ; ഇല്ലെങ്കിൽ എന്തു നടത്തുവാൻ ഉദ്ദേശിക്കുന്നു ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) ഈയിടെ ഒരു കത്തു കിട്ടിയിട്ടുണ്ടു്.

(ബി) സെക്രട്ടറി, ക്രിസ്ത്യൻ അസോസിയേഷൻ, മലബാർ. കഴിഞ്ഞ മാസത്തിലാണു് ഈ കത്തു് ഇവിടെ കിട്ടിയതു്.

(സി) ഗവണ്മെൻറിൻറെ പരിഗണനയിലിരിക്കുന്നു.

ശ്രീ. ടി. എ. തൊമ്മൻ : വിദ്യാഭ്യാസ ആക്ടിൻറെ നടപ്പിൽവരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇവിടെ പാസാക്കുന്നതു നടപ്പിൽ വരുത്തുവാനാണു്. അതുപോലെ ഇതും നടപ്പിൽവരുത്തും.

ശ്രീ. ടി. എ. തൊമ്മൻ : വിദ്യാഭ്യാസ ആക്ടിലെ ഏതെങ്കിലും വകുപ്പു് ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതാവശ്യമുള്ളപ്പോൾ നടപ്പിൽ വരുത്തും.

ശ്രീ. ടി. എ. തൊമ്മൻ : വിദ്യാഭ്യാസനിയമം ഉടനെ നടപ്പിലാക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഉടനെ അല്ലെങ്കിലും താമസിയാതെ അതു നടപ്പിൽവരും.

തൊഴിൽ സഹകരണസംഘങ്ങൾക്ക് കടം കൊടുത്ത തുക.

* 1363. [14] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും, സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തു് എത്ര തൊഴിൽ സഹകരണസംഘങ്ങൾ ഇപ്പോൾ നിലവിലുണ്ടു് ;

(ബി) അവക്ക് കഴിഞ്ഞ സാമ്പത്തികവർഷം എത്ര തുക കടം കൊടുത്തിട്ടുണ്ടു് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അവയിൽ എത്ര തുക തിരിയെ അടച്ചു ;

(ഡി) ഈ സാമ്പത്തികവർഷം എന്തെങ്കിലും തുക കൂടി സംഘങ്ങൾക്കു കൂടം കൊടുത്തിട്ടുണ്ടോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) പുതിയ സ്കീം അനുസരിച്ചു രജിസ്റ്റർ ചെയ്തിട്ടുള്ള 42 തൊഴിൽ സഹകരണസംഘങ്ങൾ ഇപ്പോഴുണ്ട്.

(ബി) അവയിൽ 35 സഹകരണസംഘങ്ങൾക്ക് കേരളാസ്റ്റോറുകൾ സഹകരണബാങ്കിൽനിന്നും 4,57,922 രൂപ മൂൻകൂറായി കൊടുത്തിട്ടുണ്ട്.

(സി) അതിൽനിന്നും 1,31,650 രൂപ തിരിയെ അടച്ചിട്ടുണ്ട്.

(ഡി) ഇല്ല.

ശ്രീ. എം. സി. ഏബ്രഹാം : ഈ തൊഴിൽ സഹകരണസംഘങ്ങൾ ചെത്തുതൊഴിലാളി സഹകരണസംഘങ്ങളിൽ പെടുകയില്ല ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഇല്ല. അല്ല് വേറെ ഒരു ഭാഗമാണ്.

ശ്രീ. സി. എ. മാത്യു : ഈ കൊല്ലത്തിനുള്ളിൽ തിരിയെ അടയ്ക്കുന്ന സംഖ്യ മുഴുവൻ അടച്ചിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഓരോ ജോലിയും തീരുമ്പോൾ അതിനു വേണ്ടി കൊടുത്തിട്ടുള്ള സംഖ്യ തിരിച്ചടയ്ക്കണമെന്നുള്ളതാണ് സ്കീം.

ശ്രീ. സി. എ. മാത്യു : അടയ്ക്കുന്ന സംഖ്യ മുഴുവൻ തിരിയെ ഈ സംഘങ്ങൾ അടച്ചുകഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ജോലി തീരുമ്പോൾ മുഴുവൻ സംഖ്യയും തിരിയെ അടയ്ക്കുന്നതാണ്.

ശ്രീ. പി. ടി. ചാക്കോ : ജോലി ഒരിക്കലും തീർന്നില്ലെങ്കിൽ സംഖ്യ തിരിച്ചു അടയ്ക്കുണ്ടോ എന്നുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ജോലി അവസാനിപ്പിക്കുവാൻ നടപടി കളെടുത്തുകൊണ്ടിരിക്കുകയാണ്.

പ്രൈവറ്റ് സെക്കൻഡറി സ്കൂളുകളിലെ ഫീസ് പിരിവ്.

* 1364. [15] ശ്രീമതി കുസുമം ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) പ്രൈവറ്റ് സെക്കൻഡറി സ്കൂളുകളിലെ ഫീസ് പിരിവ് മുഴുവനും ട്രഷറിയിൽ കെട്ടുകയും തീരി സ്വീകരിച്ചതു മൂലം 1958 ഒക്ടോബർ മുതൽ സെക്കൻഡറിസ്കൂൾ അധ്യാപകന്മാരുടെ പ്രൊവിഡൻറ് ഫണ്ട് പദ്ധതി നിശ്ചലമായിരിക്കുന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രൈവറ്റ് അധ്യാപകന്മാരുടെ വാർദ്ധക്യകാലവേതനമായ പ്രസ്തുത പ്രൊവിഡൻറ് ഫണ്ട് പദ്ധതി പുനരുജ്ജീവിപ്പിക്കാൻ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രൊവിഡൻറ് ഫണ്ട് പദ്ധതി നടപ്പിൽവരുത്താത്ത സ്കൂളുകളിലെ അധ്യാപകർക്ക് വാർദ്ധക്യകാലവേതനമായോ പെൻഷൻ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly